**കേരള സർക്കാർ**
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കവടിയാർ പേരൂർക്കട - വഴയില റോഡ് വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച നടപടി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 2638 (A)/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 19/09/2012.**

---

പരാമർശം:- 1. സ.ഉ. (സാധാ) 1055/2010/തസ്വഭവ തീയതി 26/03/2010.
2. സ.ഉ. (സാധാ) 1497/2010/തസ്വഭവ തീയതി 04/05/2010.
3. 8/02/2010 ന് ബഹു. കേരള മുഖ്യമന്ത്രിയ്ക്ക് പേരൂർക്കട പുനരധിവാസ സംയുക്ത സമരസമിതി സെക്രട്ടറി ശ്രീ. കെ. മോഹനൻ സമർപ്പിച്ച മെമ്മോറാണ്ടം
4. ജില്ലാകളക്ടറുടെ 18/06/2012 ലെ കെ3 - 55053/03 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ-പേരൂർക്കട-വഴയില റോഡ് വികസനത്തിന് പ്രസ്തുത റോഡിന്റെ പുറമ്പോക്കിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് പരാമർശം 3 പ്രകാരം ബഹു. കേരള മുഖ്യമന്ത്രിയ്ക്ക് പേരൂർക്കട പുനരധിവാസ സംയുക്ത സമരസമിതി സെക്രട്ടറി ശ്രീ. കെ. മോഹനൻ സമർപ്പിച്ച പൊതുതാല്പര്യ ഹർജിയുടെ അടിസ്ഥാനത്തിൽ 08-05-2012 ന് ബഹു. നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ഒരു യോഗം കൂടുകയുണ്ടായി. കുടിയൊഴിപ്പിക്കപ്പെട്ടവരിൽ പുനരധിവസിപ്പിക്കുന്നതിന് 29 കുടുംബങ്ങൾ ഉണ്ട് എന്നും, 14-05-2008 ൽ പുറമ്പോക്ക് ഭൂമി വികസനത്തിനായി ഏറ്റെടുക്കുകയും, ഒഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് 25000/- രൂപ വീതം നൽകുകയും ചെയ്തുവെങ്കിലും ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഇതേവരെ ഫലപ്രാപ്തിയിൽ എത്തിയില്ല എന്ന് ജില്ലാകളക്ടറും ട്രിഡാ സെക്രട്ടറിയും യോഗത്തിൽ വ്യക്തമാക്കുകയുണ്ടായി. പുനരധിവസിപ്പിക്കപ്പെടേണ്ടതായ 29 ഗുണഭോക്താക്കളേയും നഗരസഭയുടെ വട്ടിയൂർക്കാവ് സോണൽ ഓഫീസ് നടപ്പിലാക്കുന്ന ഇ. എം. എസ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കുടിയൊഴിപ്പിക്കപ്പെട്ട 29 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ 08/05/2012 ൽ കൂടിയ പ്രസ്തുത യോഗത്തിൽ എടുക്കുകയുണ്ടായി.

(i) ടി പദ്ധതിയുടെ ഭാഗമായി പേരൂർക്കട-വഴയില റോഡ് പുറമ്പോക്കിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരിൽ പുനരധിവസിപ്പിക്കേണ്ട 29 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്തിന് അനുവദിച്ചുനൽകിയ ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് വാങ്ങിയ കരകുളം വില്ലേജിൽ സർവ്വേ നം. 1481/1 (റീ സർവ്വേ നം. 66/3) ൽപ്പെട്ടതും നിലവിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതുമായ 65 സെന്റ് ഭൂമിയിൽ നിന്നും അവിടെ വീട് വയ്ക്കുവാൻ താല്പര്യമുള്ള കുടുംബത്തിന് 3 സെന്റ് ഭൂമി വീതം അനുവദിച്ചു നൽകുക, റോഡ്, വൈദ്യുതി കുടിവെള്ളം, ഇതര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക, അനുവദിക്കപ്പെട്ട സ്ഥലത്ത് വീടു നിർമ്മിക്കുന്നതിന് അവർക്ക് പരമാവധി 4 ലക്ഷം രൂപ വീതം പണം നിർമ്മാണ പുരോഗതി വിലയിരുത്തി ഗഡുക്കളായി അനുവദിക്കുക.

(ii) മേൽപ്പറഞ്ഞ 65 സെന്റ് സ്ഥലം 29 കുടുംബങ്ങൾക്ക് 3 സെന്റ് വീതം അനുവദിച്ചുനൽകുന്നതിന് പര്യാപ്തമാകില്ല എന്നതിനാലും, എല്ലാ കുടുംബങ്ങൾക്കും 3 സെന്റ് വീതം അവിടെ ഭൂമി നൽകുവാൻ തികയുകയില്ല എന്നതിനാലും അവിടെ വീട് വയ്ക്കുവാൻ താല്പര്യമില്ലാത്ത കുടുംബങ്ങൾക്ക് മറ്റെവിടെയെങ്കിലും ഭൂമി വാങ്ങുന്നതിന് 3 സെന്റ് ഭൂമിയ്ക്ക് കരകുളത്ത് നൽകുന്ന ഭൂമിയുടെ വിലയ്ക്ക് തുല്യമായ തുക രൊക്കം പണമായി നൽകുക, വീട് നിർമ്മിക്കുന്നതിന് ഓരോ കുടുംബത്തിനും 4 ലക്ഷം രൂപ ഗഡുക്കളായി (നിർമ്മാണ പുരോഗതി വിലയിരുത്തി) അനുവദിക്കുക.

(iii) 3 സെന്റ് ഭൂമിയുടെ വില നൽകുന്നതിനുള്ള ലാന്റ് വാല്യൂ ലിമിറ്റ് ജില്ലാ കളക്ടർ നിശ്ചയിക്കുന്നതാണ്.

(iv) കരകുളത്ത് പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് റോഡ്, വൈദ്യുതി, കുടിവെള്ളം, ഇതര അടിസ്ഥാന സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ), തിരുവനന്തപുരം കോർപ്പറേഷൻ, ജില്ലാകളക്ടർ എന്നിവർ നടപടി സ്വീകരിക്കുന്നതാണ്.

(v) പുനരധിവാസം സംബന്ധിച്ച ചിലവുകൾ (റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവയ്ക്കു വേണ്ടതായ) കേരള റോഡ് ഫണ്ട് ബോർഡും തിരുവനന്തപുരം കോർപ്പറേഷനും സംയുക്തമായി വഹിക്കേണ്ടതാണ്.

2) മേൽ യോഗതീരുമാനങ്ങൾ പ്രകാരമുള്ള പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം ലഭ്യമാക്കണമെന്ന് ജില്ലാകളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

3) മേൽ വിവരിച്ച സാഹചര്യത്തിൽ 08/05/12 ലെ മേൽ യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
എം. ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
സെക്രട്ടറി, റവന്യൂവകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ. പി.ഒ. തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്
തദ്ദേശ സ്വയം ഭരണ (ഇ.യു) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ